പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് പ്രസിഡന്റിന്റെ സാന്നിദ്ധ്യത്തിൽ യോഗം ചേരുകയും അതിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ പങ്കെടുക്കുകയും ചെയ്തിരുന്നു. കൂടാതെ ജില്ലാ പട്ടികജാതി വികസന ഓഫീസിലും ജില്ലാകളക്ടറുടെ ചേമ്പറിലും നിർവ്വഹണ ഏജൻസികളുമായി പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് യോഗം ചേരുകയുണ്ടായി.

നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുമെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പട്ടികജാതി ക്ഷേമ സഹകരണ സംഘങ്ങൾ

288 (2844) ശ്രീ. കെ. കാഡ്ഡാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പട്ടികജാതി ക്ഷേമ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത ആവശ്യത്തിലേക്കായി എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതെല്ലാം സഹകരണ സംഘങ്ങൾക്ക് അതിന്റെ പ്രയോജനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സംഘങ്ങൾക്ക് സർക്കാർ മൂലധന നിക്ഷേപം വർദ്ധിപ്പിച്ച് കൂടുതൽ കാര്യക്ഷമമാക്കുവാനും പരമാവധി പട്ടികജാതി വിഭാഗക്കാർക്ക് പ്രയോജനം ലഭിക്കുവാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി ക്ഷേമ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി എസ്.സി./എസ്.റ്റി. ഫെഡറേഷൻ, പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സ്വയംസഹായ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനും അവയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും പട്ടികജാതി സഹകരണ സംഘങ്ങളിലെ കമ്മിറ്റി അംഗങ്ങൾക്ക് പരിശീലന പരിപാടി സംഘടിപ്പിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ശില്പശാലകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ വകുപ്പിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് മുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പഠനം നടത്തുന്നതിന് തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തിയിരുന്നു. ടി സ്ഥാപനം സമർപ്പിച്ച പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പഠന റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. സംഘങ്ങളുടെ ആഫീസ് കെട്ടിട പുനരുദ്ധാരണത്തിനായി ഒരു സംഘത്തിന് പരമാവധി 5 ലക്ഷം രൂപ വരെ നൽകി വരുന്നു. സംഘം ജീവനക്കാരുടെ ശമ്പളം നൽകുന്നതിനായി മാനേജീരിയൽ സബ്സിഡിയിനത്തിൽ അഞ്ച് കൊല്ലം ധനസഹായം നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് പ്രകാരം ഒരു സംഘത്തിന് ആദ്യത്തെ രണ്ട് കൊല്ലം 60,000 രൂപ വീതവും മൂന്നും നാലും വർഷങ്ങളിൽ 36,000 രൂപ വീതവും അഞ്ചാം വർഷത്തിൽ 12,000 രൂപ വീതവും നൽകാനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ സംഘങ്ങളുടെ വികസനവും പുനരുദ്ധാരണവും പദ്ധതി പ്രകാരം ഒരു സംഘത്തിന് 2:3 എന്ന അനുപാതത്തിൽ ഓഹരി സബ്സിഡിയിനത്തിൽ പരമാവധി 6 ലക്ഷം രൂപവരെയും നൽകി വരുന്നുണ്ട്. സർക്കാർ ഓഹരി മൂലധന പങ്കാളിത്തമായി ഒരു സംഘത്തിന് പരമാവധി 2 ലക്ഷം രൂപയും നൽകാൻ വ്യവസ്ഥയുണ്ട്. ഇതിനുപുറമെ റിവോൾവിംഗ് ഫണ്ടിനത്തിൽ ഒരു സംഘത്തിന് പരമാവധി അഞ്ചുലക്ഷം രൂപയും സംഘങ്ങളിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സ്വാശ്രയ ഗ്രൂപ്പുകളുടെ പ്രാരംഭ ചെലവുകൾക്കായി ഗ്രൂപ്പൊന്നിന് 1000 രൂപ വീതവും നൽകി വരുന്നു.

(ബി) പ്രസ്തുത ആവശ്യത്തിലേക്കായി 2010-2011-ൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും ഓഹരി മൂലധന ഇനത്തിൽ എസ്.സി./എസ്.റ്റി. ഫെഡറേഷന് ലഭിച്ച 50 ലക്ഷം രൂപയിൽ 36 ലക്ഷം രൂപ 18 സംഘങ്ങൾക്ക് വിതരണം ചെയ്യുകയുണ്ടായി. ആയതിന്റെ ലിസ്റ്റ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

2012-2013-ൽ പട്ടികജാതി വികസനവകുപ്പിൽ നിന്നും എസ്.സി./എസ്.റ്റി. ഫെഡറേഷന് ലഭിച്ച ഒരു കോടിരൂപയിൽ നിന്നും 38 ലക്ഷം രൂപ സംഘങ്ങൾക്ക് പലിശരഹിത വായ്പയായി വിതരണം ചെയ്യുകയുണ്ടായി. ലിസ്റ്റ് അനുബന്ധം II ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ, സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി 2011-12 വർഷത്തിൽ 33.32 ലക്ഷം രൂപയും 2012-2013 വർഷത്തിൽ 100 ലക്ഷം രൂപയും 2013-14 വർഷത്തിൽ 375 ലക്ഷം രൂപയും ധനസഹായമായി അനുവദിച്ചു നൽകിയിട്ടുണ്ട്. 2014-2015 വർഷത്തിൽ വാർഷിക പദ്ധതിയിൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസന ത്തിനും പുനരുദ്ധാരണത്തിനുമായി 600 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ടി തുകയിൽ നിന്നും 431.59 ലക്ഷംരൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്. വിവിധ പദ്ധതികളിലായി 534 സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) നിലവിൽ സർക്കാർ ഓഹരി മൂലധന നിക്ഷേപമായി നൽകിവരുന്ന രണ്ടുലക്ഷം രൂപ എന്നത് നാല് ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

പട്ടികജാതി ദുർബല വിഭാഗങ്ങളുടെ ഉന്നമനത്തിനായി പുതിയ പദ്ധതികൾ

289 (2845) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളുടെ ഉന്നമനത്തിനായി പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാം; പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ വർഷവും ഈ വർഷവും എത്ര തുകയാണ് നീക്കിവച്ചത് ; ഇതിൽ ചെലവായ തുക എത്രയാണെന്ന് അറിയിക്കാമോ ?

ഉത്തരം

പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗ പുനരധിവാസ പദ്ധതി 2014-15 സാമ്പത്തിക വർഷം മുതൽ പരിഷ്കരിക്കുകയും പട്ടികജാതിയിലെ ദുർബല വിഭാഗക്കാർക്ക് 5 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിന് 3.75 ലക്ഷം (മുമ്പ് 2.50 ലക്ഷം) രൂപയും വീട് നിർമ്മിക്കുന്നതിന് 3.50 ലക്ഷം (മുമ്പ് 2 ലക്ഷം) രൂപയും ഉൾപ്പെടെ ഒരൊറ്റ യൂണിറ്റായി കണക്കാക്കി ആകെ 7.25 ലക്ഷം (മുമ്പ് 4.50 ലക്ഷം) രൂപ അനുവദിക്കുന്നുണ്ട്. വീട് മെയിന്റനൻസിന് 50,000 രൂപയും ടോയ്ലറ്റിന് 25,000 രൂപയും നൽകിവരുന്നു. കൂടാതെ ടി വിഭാഗങ്ങളുടെ വിദ്യാഭ്യാസം, ചികിത്സ എന്നിവയ്ക്ക് ധനസഹായം, അടിസ്ഥാന സൗകര്യത്തിനുള്ള റോഡ്, കുടിവെള്ളം, വൈദ്യുതീകരണം എന്നിവയ്ക്കുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു.